# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

## അമിത വസ്തുനികുതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1645   31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന കല്യാണമണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ എന്നിവയെ വസ്തു-നികുതി ഈടാക്കുന്നതിനായി ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരി-ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 14/01/2011-ലെ സ.ഉ.(അ) നമ്പർ 17/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിലും 14/01/2011-ലെ സ.ഉ.(അ) നമ്പർ 19/2011/തസ്വഭവ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലും വസ്തു നികുതി ഈടാ-ക്കുന്നതിനായി കെട്ടിടങ്ങളെ ഉപയോഗക്രമ-ത്തിനനുസരിച്ച് വിവിധ സ്ലാബുകളിലായി തിരിച്ചിട്ടുണ്ട്. അതിൽ 6 -)മത്തെ സ്ലാബി-ലാണ് ആഡിറ്റോറിയവും കല്യാണമണ്ഡപവും വരുന്നത്.<br>2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ/ 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയിലെ ചട്ടം 4,5 പ്രകാരം ഓഡിറ്റോറിയങ്ങൾ, കല്യാണമണ്ഡപങ്ങൾ എന്നിവ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ എന്ന ഉപയോഗ-ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽ പ്രസ്തുത സ്ഥാപനങ്ങളെ ഉൾപ്പെടുത്താത്തതിനാൽ അവയ്ക്ക് അമി-തമായ വസ്തു നികുതി അടയ്ക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>&<br>(സി) | ആഡിറ്റോറിയം കല്യാണമണ്ഡപം എന്നിവ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട് വരുന്നതല്ല. ഇത്തരം സ്ഥാപനങ്ങൾ അമിതമായ നികുതി അടയ്ക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | | സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ